ഉത്തരം

(എ) 1986-87 അദ്ധ്യയനവർഷം ആരംഭിച്ചിട്ടില്ല. 1985-86-ൽ 13 സ്കൂളുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 10 (പത്ത്)

(സി) അടുത്ത അദ്ധ്യയനവർഷം ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവൃത്തി ദിവസങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

97. [147] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയനവർഷം മുതൽ ഇന്നുള്ള 200 പ്രവർത്തി ദിവസത്തിനുപകരം 240 ദിവസമാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഉയർത്താനുള്ള കാരണങ്ങൾ പറയാമോ ;

(സി) ഇക്കാര്യം അദ്ധ്യാപക സംഘടനകളുമായി ചർച്ചചെയ്യാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ, ബി) കേന്ദ്ര ഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസ നയത്തെ കുറിച്ച് 1986 ജനുവരിയിൽ ഡൽഹിയിൽ നടന്ന സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിൽ വിദ്യാലയങ്ങളിലെ സാദ്ധ്യായ ദിവസങ്ങൾ 240 ആയി ഉയർത്താൻ ഉള്ള ഒരു നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. ഇതിൽ കേന്ദ്ര ഗവൺമെൻറ് ഒരു തീരുമാനമെടുക്കുമ്പോൾ സംസ്ഥാന ഗവൺമെൻറ് അതു പരിഗണിക്കേണ്ടതാണ്.

(സി) എടുക്കാം.

പുതിയ വിദ്യാഭ്യാസ രേഖ

98. [148] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ ഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസരേഖയെ ക്കുറിച്ച് സംസ്ഥാന ഗവൺമെൻറിൻെറ അഭിപ്രായം ആരാഞ്ഞിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാന ഗവൺമെൻറ് എന്തു മറുപടിയാണ് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ആരാഞ്ഞിരുന്നു.

(ബി) മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly